# പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.299 25.04.2017 - ൽ മറുപടിക്ക്

## ഹെൽത്ത് ഇൻസ്പെക്ടർ യോഗ്യതകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീമതി.പി.അയിഷാ പോറ്റി** | | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) | |
| എ) | ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലെ നിയമനത്തിന് പരിഗണിക്കുന്നതിന് നിലവിൽ ആരോഗ്യവകുപ്പ് നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകൾ ഏന്തെല്ലാമാണ്; | എ) | ഹെൽത്ത് ഇൻസ്പെക്ടർ തസ്തിക പ്രൊമോഷൻ തസ്തികയായതിനാൽ നേരിട്ട് നിയമനം നടത്താറില്ല. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1, ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 എന്ന ക്രമത്തിലാണ് പ്രൊമോഷൻ നടക്കുന്നത്. ആയതിനാൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 തസ്തികയുടെ യോഗ്യതയായ ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ് എന്നുള്ളത് ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയ്ക്കും ബാധകമാണ്. |
| ബി) | സാനിട്ടറി ഇൻസ്പെക്ടർ കോഴ്സ് പാസായവരെ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിൽ നിയമിക്കാൻ പരിഗണിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | ബി) | 08.07.2008-ലെ ആരോഗ്യകുടുംബക്ഷേമ വകുപ്പിന്റെ സ.ഉ(അച്ച)നം.344/2008/ ആ.കു.വ എന്ന ഉത്തരവനുസരിച്ച് പ്രസ്തുത ഉത്തരവ് തീയതി മുതൽ ഡി.എച്ച്.ഐ.സി പാസ്സായവർക്കാണ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 നിയമനം നടത്തുന്നത്. സാനിട്ടറി ഇൻസ്പെക്ടർ കോഴ്സ് പാസ്സായവരെ പരിഗണിക്കുന്നില്ല. |
| സി) | ഹെൽത്ത് ഡയറക്ടറേറ്റ് നടത്തിയ ഹെൽത്ത് ഇൻസ്പെക്ടർ ഡിപ്ലോമ കോഴ്സ് പാസായവരെ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിൽ നിയമനത്തിന് പരിഗണിക്കാത്ത സാഹചര്യമുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | സി) & ഡി) | ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ് നടത്തുന്ന ഡി.എച്ച്.ഐ.സി പാസ്സായവരെയാണ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 നിയമനത്തിനു പരിഗണിക്കുന്നത്. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയുടെ പ്രൊമോഷൻ തസ്തികയാണ് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2. ഡി.എച്ച്.ഐ.സി കോഴ്സ് പാസ്സായി ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ആയി നിയമിതരായി വരുന്നവരെ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിൽ പരിഗണിക്കാത്ത സാഹചര്യമില്ല. |
| ഡി) | പ്രസ്തുത കോഴ്സ് പാസായവരെ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലെ നിയമനത്തിന് പരിഗണിക്കാൻ നടപടികൾ സ്വീകരിക്കുമോ? | | |

Milan

സെക്ഷൻ ഓഫീസർ